പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 752 — 29.10.2019 -ൽ മറുപടിയ്ക്ക്

ബേക്കൽ റിസോട്ട് ഡവലപ്മെൻറ് കോർപ്പറേഷൻ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ ബി. ആർ. ഡി. സി. യുടെ കൈവശം നീക്കിയിരുപ്പായി എത്ര തുകയുണ്ട് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (ബി. ആർ. ഡി.സി- യുടെ) കൈവശം നീക്കിയിരുപ്പായി 216 ലക്ഷം രൂപ ഉണ്ട്. |
| ബി) | ബി. ആർ. ഡി. സി. തുടങ്ങുമ്പോൾ പ്രദേശവാസികളുടെ ഭൗതിക സാഹചര്യവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കോർപ്പറേഷൻ എത്ര കണ്ട് പ്രാവർത്തികമാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| സി) | താജ്-ഭാരത് റിസോർട്ടുകളെ ബന്ധിപ്പിക്കുന്നതും പ്രദേശവാസികൾ ഉപയോഗിക്കുന്നതുമായ കാപ്പിൽ-ബേവൂരി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് മേൽ നീക്കിയിരുപ്പിൽ നിന്ന് തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | സി) | കാപ്പിൽ-ബേവൂരി. റോഡ് ബി.ആർ.ഡി.സിയുടെ അധീനതയിലുള്ളതല്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തദ്ദേശവാസികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതോ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോ ആയ പദ്ധതികൾ**

**റിസോർട്ട് സൈറ്റുകൾ**

പാട്ടക്കരാർ വ്യവസ്ഥയിൽ ഖന്ന ഹോട്ടൽസ്, മുംബൈക്കും ഭാരത് ഹോട്ടൽസ്, ഡൽഹിക്കും നൽകിയ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച് താജ് ബേക്കൽ റിസോർട്ട്സ് & സ്പാ, ലളിത് റിസോർട്ട് & സ്പാ എന്നീ റിസോർട്ടുകൾ പ്രവർത്തനം ആരംഭിച്ചു എയർ ട്രാവൽ എന്റർപ്രൈസസ്, ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടൈൻമെന്റ്സ്, ഹോളിഡേ ഗ്രൂപ്പ് എന്നിവർക്ക് നൽകിയ സ്ഥലത്ത് റിസോർട്ടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

**ബേക്കൽ ശുദ്ധ ജല വിതരണ പദ്ധതി**

പദ്ധതി പ്രദേശത്ത് പ്രതിദിനം 7.40 ദശലക്ഷം ലിറ്റർ ശേഷിയുള്ള ബേക്കൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കി.
100 ലക്ഷം രൂപ ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ച് ബേക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചു ഇതുവഴി ഏകദേശം 6000 കുടുംബങ്ങൾക്ക് പ്രതിദിനം 4 ദശലക്ഷം ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുവാൻ സാധിക്കുന്നു.

**ഉദുമയിലേക്ക് പുതുതായി 11 കെ.വി. ഫീഡർ ലൈൻ സ്ഥാപിക്കൽ**

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മൈലാട്ടി 220 കെ.വി. സബ് സ്റ്റേഷനിൽ നിന്നും ഉദുമയിലേക്ക് പുതുതായി ഒരു 11 കെ.വി. ഫീഡർ ലൈൻ സ്ഥാപിച്ചു

**തെരുവ് വിളക്ക് സ്ഥാപിക്കൽ**

ബേക്കൽ ടൂറിസം പദ്ധതി പ്രദേശത്ത് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

**ചേറ്റുകുണ്ട് റെയിൽവേ ഗേറ്റ്**

ചേറ്റുകുണ്ടിൽ റെയിൽവേ ക്രോസ്സിൽ പൊതുജനങ്ങൾക്കും, റിസോർട്ട് സൈറ്റ് നമ്പർ-2 ലേയ്ക്കും പോകുന്നവർക്കും ഒരുപോലെ ഗുണം ചെയ്യുന്നതിനായി ചേറ്റുകുണ്ട് റെയിൽവേ ഗേറ്റ് സ്ഥാപിച്ചു

**ബേക്കൽ ബീച്ച് പാർക്കും, ബേക്കൽ സൗത്ത് ബീച്ച് പാർക്കും**

ബേക്കൽ ബീച്ച് പാർക്കും, ബേക്കൽ സൗത്ത് ബീച്ച് പാർക്കും സന്ദർശകർക്കും സഞ്ചാരികൾക്കുമായി നിർമ്മിച്ചിട്ടുണ്ട്.

**പാർക്കിംഗ് ബേ**

ബേക്കൽ കോട്ടക്ക സമീപമുള്ള ബി.ആർ.ഡി.സി പാർക്കിംഗ് ബേ നിർമ്മിച്ചിട്ടുണ്ട്.

**ബേക്കൽ കൾച്ചറൽ സെന്റർ**

443 ലക്ഷം രൂപ ചെലവിൽ വിനോദസഞ്ചാര വകുപ്പിന് കൈമാറിയ സ്ഥലത്ത് കൾച്ചറൽ സെന്റർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**'സൈ്മൽ' പദ്ധതി**

ഉത്തര മലബാർ മേഖലയിലെ ടൂറിസം വ്യവസായം ശക്തിപ്പെടുത്തുവാൻ ചെറുകിട-ഇടത്തരം സംരംഭകർക്ക് വേണ്ടി ' സൈ്മൽ ' 'സ്മാൾ ആന്റ് മീഡിയം ഇൻഡസ്ട്രീസ് ലെവറേജിംഗ് എക്സ്പീരിയൻഷ്യൽ ടൂറിസം' പദ്ധതി തുടങ്ങി. സംരംഭകർക്കുള്ള അവസരങ്ങൾ കണ്ടെത്തുക, ഏകോപിപ്പിക്കുക, മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക മുതലായവ ഉൾക്കൊള്ളുന്നതാണ് പദ്ധതി. 93 സംരംഭകർ നടത്തുന്ന 50 സംരംഭങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പ്രതിദിനം 400 ടൂറിസ്റ്റുകൾക്ക് താമസിക്കാനുള്ള റൂമുകൾ ഉണ്ടായിട്ടുണ്ട്.

**' സൈ്മൽ വെർച്ച്വൽ ടൂർ ഗൈഡ്'**

മലബാർ സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ സഹായത്തിന് ' സൈ്മൽ വെർച്ച്വൽ ടൂർ ഗൈഡ്' മൊബൈൽ ആപ്ലിക്കേഷൻ ബി.ആർ.ഡി.സി ഉണ്ടാക്കിയിട്ടുണ്ട്. വിനോദസഞ്ചാരികൾ വിവിധ സ്ഥലങ്ങളിലെത്തുമ്പോൾ അതത് കേന്ദ്രങ്ങളുടെ ചരിത്രം, സംസ്കാരം, മറ്റു പ്രത്യേകതകൾ മുതലായവ ഉൾക്കൊള്ളുന്ന പശ്ചാത്തല വിവരങ്ങൾ ഇത് വഴി സഞ്ചാരികളുടെ മൊബൈൽ, കമ്പ്യൂട്ടർ ഉപകരണങ്ങളിൽ ലഭ്യമാകും. നൂതന ഐടി സങ്കേതങ്ങൾ ഉപയോഗിച്ചാണ് പദ്ധതി പ്രാവർത്തികമാക്കുക. ഓഡിയോ, വിഷ്വൽ ഫോർമാറ്റുകൾ ഉൾപ്പെടുത്തിയാണ് ഉള്ളടക്കം (content) വികസിപ്പിച്ചിരിക്കുന്നത്. ഇവ കാണാനും കേൾക്കാനും സാധിക്കുന്നതിലൂടെ ടൂറിസം ഉൽപ്പന്നങ്ങളും ആകർഷക കേന്ദ്രങ്ങളും സഞ്ചാരികൾക്ക് കൂടുതൽ അനുഭവവേദ്യമാകുന്നുണ്ട്. മൊബൈൽ ആപ്പ് ഉപയോഗിച്ച് സഞ്ചാരികൾക്ക് സംരംഭകരുമായി ബന്ധപ്പെടാനും സാധിക്കും.

സെക്ഷൻ ഓഫീസർ